# KSSiA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. JULY 2024. ₹5.00

VOL. 08 - ISSUE NO. 13 - DATE OF PUBLICATION 25TH JULY, 2024 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24


## അത്യാധുനിക സാങ്കേതിക വിദ്യയിലൂന്നിയ വ്യവസായ വികസനത്തിന് പുതുയുവ സംരഭകരുടെ രംഗപ്രവേശം കാലഘട്ടത്തിന്റെ ആവശ്യം



KSIDC

GOVERNMENT OF KERALA


Invest Kerala
NATURE. PEOPLE. INDUSTRY.

bio360
Life Sciences Park
three sixty degrees of innovation

# bio connect KERALA 2024

## SEP 27-28

Grand Hyatt Regency
Trivandrum




**KERALA STATE INDUSTRIAL DEVELOPMENT CORPORATION LIMITED**

Head Office: Keston Road | Kowdiar | Thiruvananthapuram-695003 | Ph No: 0471-2318922 | enquiry@ksidcmail.org

Regional Office: 2nd Floor | Choice Towers | Manorama Junction | Kochi - 16 | Ph: No: 0484-2323010

follow us on | www.ksidc.org

KSSiA NEWS
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION JULY 2024 ₹ 5.00

## എഡിറ്റോറിയൽ

# സംഘടനയും സഹനവും



കൂട്ടായ്മയിലെ ആശയവിനിമയവും ചർച്ചയും നിർദ്ദേശങ്ങളും വിട്ടുവീഴ്ചകളും കൊണ്ടു നന്മയുടെ വഴികൾ തുറക്കുന്ന ഒരു ശക്തിയാണ് ജനാധിപത്യം. മത രാഷ്ട്രീയ കൂട്ടായ്മകൾ തുടങ്ങിയ ഒട്ടനവധി സംഘടനകൾ ഇന്ന് നിലവിലുണ്ട്. എന്നാൽ നമ്മുടെ സംഘടന ഇതിലൊന്നും പെടാതെ വിഭാഗീയതകൾ ഒന്നുമില്ലാതെ കൂട്ടായി ഒറ്റക്കെട്ടായി നിൽക്കുന്നു. നമ്മുടെ മുന്നിൽ ഉപഭോക്താക്കളും ഉത്പാദകരും മാത്രമേ ഉള്ളൂ. ലക്ഷ്യമാകട്ടെ വ്യവസായ പുരോഗതിയും.

അതിനായുള്ള പ്രവർത്തനങ്ങളാണ് സംഘടന നടത്തുന്നത്. സന്മനസ്സുള്ള പ്രവർത്തകർ അവരാൽ കഴിയുന്ന ധനവും സമയവും അതിനായി വിനിയോഗിക്കുന്നുണ്ട്. സ്ഥാനമാനങ്ങളോ സാമ്പത്തിക നേട്ടമോ ലക്ഷ്യമിടുന്നവരല്ല, നമ്മുടെ സംഘടനയുടെ ഭാരവാഹികൾ. അതുപോലുള്ളവർ ആയിരിക്കണം പുതിയതായി വരുന്ന ഭാരവാഹികൾ.

നമ്മുടെ സംഘടനയുടെ താലൂക്ക് ജില്ലാ സംസ്ഥാന ഇലക്ഷൻ അടുത്തു വരുന്നുണ്ടല്ലോ. ത്യാഗത്തിന്റെ ചെറിയ അംശമെങ്കിലും ഇല്ലാതെ സംഘടന ശക്തിപ്പെടുത്താൻ ആവില്ല. താലൂക്കുകളിൽ നിന്നും ജില്ലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളാണ് സംസ്ഥാന കമ്മിറ്റിയെയും സംസ്ഥാന ഭാരവാഹികളെയും തിരഞ്ഞെടുക്കുന്നത്. അവർ ലക്ഷ്യമിടേണ്ടത് സംസ്ഥാനത്ത് ഇനി വരുന്ന ഭാരവാഹികളും അതുപോലുള്ളവർ ആയിരിക്കണം. തർക്കങ്ങളോ വിമർശനങ്ങളോ വ്യക്തി വിദ്വേഷമോ നമുക്കില്ല. ജനാധിപത്യപരമായി വ്യവസായ പുരോഗതിക്കുള്ള, ഒരുമയോടുള്ള പ്രവർത്തനമാണ് നമ്മുടെ സംഘടനയുടെ ലക്ഷ്യം.

നാം ഒരുമിച്ച് കൈകോർക്കുക. പുരോഗതിയുടെ വഴികൾ നമുക്ക് കീഴടക്കാം.

**എസ്. സലിം**
**ചീഫ് എഡിറ്റർ**

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. ✆ 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS**

**State President**
A. Nizarudeen
Kollam. ✆ 94477 10078
✉ nazwoodind@gmail.com

**General Secretary**
P.J. Jose
Cochin. ✆ 98460 53553
✉ info@manoramasalescorporation.com

**State Vice Presidents**
A. Fasiludeen
Trivandrum. ✆ 94007 04000
✉ fthoppil@yahoo.com

Abraham Kuriakose
Kottayam. ✆ 94470 43445
✉ perfectcorp@yahoo.com

A.V. Sunilnath
Kozhikode. ✆ 93497 44145
✉ sunilnath@walkaroogroup.com

**State Treasurer**
Joseph Paikada
Kannur. ✆ 94972 24422
✉ josephpaikada@gmail.com

**State Joint Secretaries**
V.K. Harilal
Alappuzha. ✆ 98472 30058

George Mundakkal
Wayanad. ✆ 94472 95110

B. Jayakrishnan
Thodupuzha. ✆ 94473 30569

**Editorial Board**

**Chief Editor**
S. Salim
Kollam, ✆ 93873 05751
✉ md@unicornplywoods.com

**Members**
A. Nizarudeen ..... ✆ 94477 10078
P. J. Jose.............. ✆ 98460 53553
Rajesh. G ........... ✆ 98957 03837
Thomas Mathew.. ✆ 94470 46411

**Printer & Publisher**
K.P. Ramachandran Nair
✆ 94470 17899

**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. ✆ 0484-2559701, 2558538

## ഉള്ളടക്കം

- സംഘടനയും സഹനവും ........................................ 03
- 2023–ൽ നടപ്പിലാക്കിയ ലാന്റ് അലോട്ട്മെന്റ് പോളിസിയിൽ സംരംഭകർക്ക് ദോഷകരമായ വ്യവസ്ഥകൾ പുനഃപരിശോധിക്കണം........................ 05
- 2025 ലോക എം.എസ്.എം.ഇ. ദിനം പ്രശ്ന രഹിത മേഖലയായി എം.എസ്.എം.ഇ. ദിനമായി ആചരിക്കാം.....07
- GST യുടെ 8 –ാം വർഷം... യഥാർത്ഥ ലക്ഷ്യത്തിലേക്ക് ഇനിയും കടമ്പകളുണ്ട് .....08
- വ്യാവസായിക വാർത്തകൾ.................................. 10
- എങ്ങിനെ ഇൻഷുർ ചെയ്താൽ ശരിയായ നഷ്ടപരിഹാരം ലഭിക്കും......................... 11
- പി.എം.എഫ്.എം.ഇ. പദ്ധതിയിൽ അഭിമാന നേട്ടം സ്വന്തമാക്കി കേരളം ............................................ 12
- പുതുസംരംഭകർ നിക്ഷേപം നടത്തും മുമ്പ് ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ............................ 14
- ഭാരതത്തിൽ നിർമ്മിത ബുദ്ധിയുടെ പുതിയ ഹബ്ബ്: രാജ്യത്തെ ആദ്യ ഇന്റർനാഷണൽ ജനറേറ്റീവ് എ.ഐ. കോൺക്ലേവ് സംഘടിപ്പിച്ച് കേരളം. ......................... 16
- ജില്ലാ വാർത്തകൾ............................................19,21
- ഗവൺമെന്റ് ഓർഡർ...................................18,20,22

iiiE

INDIA INTERNATIONAL INDUSTRIAL EXPO

**Limited Stalls Available**

2024 Dec.

13 14 15

KINFRA INTERNATIONAL EXHIBITION CUM CONVENTION CENTRE

**The MSME - PMS Incentive scheme applies to KSSIA members, who also enjoy a 10% discount on stalls.**




# INDIA INTERNATIONAL INDUSTRIAL EXPO 2024

KOCHI I KERALA I INDIA

www.iiie.in

For more details: +91-9947733339 +91-9995139933 info@iiie.in

DEPARTMENT OF INDUSTRIES & COMMERCE

MSME

KSSIA THE KERALA STATE SMALL INDUSTRIES ASSOCIATION

METRO MEDIA



# 2023 - ൽ നടപ്പിലാക്കിയ ലാന്റ് അലോട്ട്മെന്റ് പോളിസിയിൽ സംരംഭകർക്ക് ദോഷകരമായ വ്യവസ്ഥകൾ പുന:പരിശോധിക്കണം

**പ്രസിഡൻഷ്യൽ റിപ്പോർട്ട്**

വളരെ പ്രതീക്ഷയോടെ സംരംഭകർ കാത്തിരുന്ന ലാന്റ് അലോട്ട്മെന്റ് പോളിസി G.O. (P). No. 309/2023/ RD, 11.02.2023 തിയതി പ്രകാരം പുതിയ ഉത്തരവിറക്കി. പുതിയ ഉത്തരവിൽ ലീസ് വ്യവസ്ഥകൾ ഒഴിവാക്കി ലീസ് വ്യവസ്ഥയിലുള്ളവർക്ക് ഹയർ പർച്ചേസ്/ഔട്ട്റൈറ്റ് പർച്ചേസ് എന്നിവയിലേക്ക് മാറ്റാനുള്ള അനുകൂലമായ വ്യവസ്ഥ മാത്രമാണുള്ളത്. ഇത് സ്വാഗതാർഹമാണ്. എന്നാൽ ഇങ്ങനെയൊരു ഉത്തരവിൽ വ്യവസായികൾക്ക് ദോഷകരമായ പല വ്യവസ്ഥകളും കടന്ന് കൂടിയിട്ടുണ്ടെന്നുള്ള വസ്തുത വളരെ ഖേദകരമാണ്. 1969 ലെയും 1970 ലെയും ഉത്തരവിൽ വ്യവസായികൾക്ക് അനുകൂലമായി ഉണ്ടായിരുന്ന വ്യവസ്ഥകൾക്ക് കടകവിരുദ്ധമാണ് മേൽപറഞ്ഞ ഉത്തരവ്. ഒരിക്കൽ ഭൂമിയുടെ വില നിശ്ചയിച്ച് സംരംഭകർക്ക് നല്കി കഴിഞ്ഞാൽ പിന്നീട് യാതൊരു കാരണവശാലും സംരംഭകരോട് അധികമായോ പുതുക്കി കൊണ്ട് അധികരിച്ചതോ ഭൂമിയുടെ വില ഈടാക്കാൻ വ്യവസ്ഥ ചെയ്യുന്ന വകുപ്പുകൾ കടന്ന് കൂടിയിട്ടുണ്ട്. ഇത് പൂർണ്ണമായും ഒഴിവാക്കണം. ഭൂമി കൈമാറ്റത്തിനുള്ള പ്രൊസ്സസിങ്ങ് ഫീസ് 25,000 രൂപയ്ക്ക് പുറമെ പരോക്ഷമായി വരുന്ന ഭീമമായ തുക സംരംഭകൻ അടയ്ക്കണമെന്ന വ്യവസ്ഥയും പുതിയ ഉത്തരവിലുണ്ട്. ഇത് സംരംഭകർക്ക് നല്കിയ വാഗ്ദാനത്തിന്റെ ലംഘനമാണ്. ഭൂമിയുടെ വില ക്ലിയർ ചെയ്യണമെന്ന വ്യവസ്ഥ പൂർണ്ണമായും ഒഴിവാക്കണം. ഹയർ പർച്ചേസ്/ഔട്ട്റൈറ്റ് പർച്ചേസ് വ്യവസ്ഥയിൽ ഭൂമി ലഭിച്ചവർക്ക് പട്ടയം ലഭിച്ചവർക്കും മോർട്ട്ഗേജ് ട്രൈപാർട്ടി എഗ്രിമെന്റ് വ്യവസ്ഥയും ഒഴിവാക്കണം. നോട്ടിഫൈ ചെയ്ത സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിന്റെ പരിധിയിലുള്ള വ്യവസായ എസ്റ്റേറ്റുകളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അതനുസരിച്ച് സംരംഭകർ നികുതി അടയ്ക്കേണ്ടതില്ല. എന്നാൽ പുതിയ ഉത്തരവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭകർ കെട്ടിട നികുതി അടയ്ക്കണമെന്ന വ്യവസ്ഥ ഉണ്ട്.



ഇത് പൂർണ്ണമായും ഒഴിവാക്കുകയും ഇതിന് നിയമ സാധുത നല്കി കൊണ്ട് ഉത്തരവ് ഇറക്കുകയും വേണം. സംരംഭകർ ജീവിച്ചിരിക്കുമ്പോഴും അന്തരിച്ചതിന് ശേഷവും ഭൂമിയോടു കൂടി സംരംഭം അനന്തരവകാശികൾക്ക് കൈമാറുമ്പോൾ പ്രൊസ്സസിങ്ങ് ഫീസ് ഈടാക്കുന്ന വ്യവസ്ഥയും ഒഴിവാക്കേണ്ടതാണ്. വിവിധ കാരണങ്ങളാൽ സംരംഭകരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന വീഴ്ചകളോ പിഴവുകളോ സൂചിപ്പിക്കുന്ന വ്യവസ്ഥകൾ ചേർത്തിട്ടുണ്ട്. ഇതിന് വിവിധ ഇനങ്ങളിൽ പിഴ ഈടാക്കാനുമുള്ള വ്യവസ്ഥകൾ ഒഴിവാക്കണം. ലാന്റ് അലോട്ട്മെന്റ് പോളിസിയിൽ കടന്ന് കൂടിയ ദോഷകരമായ ചില വ്യവസ്ഥകൾ മാത്രമാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഈ ദോഷകരമായ വ്യവസ്ഥകൾ ഉൾപ്പടെ വന്നിട്ടുള്ള എല്ലാ വ്യവസായ സൗഹൃദമല്ലാത്ത വ്യവസ്ഥകളും ഒഴിവാക്കി കൊണ്ട് ഈ ഉത്തരവിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്നാണ് സംരംഭകരുടെ ആവശ്യം. ഒരിക്കൽ സംരംഭകർക്ക് നല്കിയ വാഗ്ദാനങ്ങളിൽ നിന്നും പിന്നോട്ട് പോകുന്ന നടപടി ഉചിതമല്ല. ഇടതുപക്ഷ സർക്കാരിന്റെ വ്യവസായ നയത്തിൽ സ്വകാര്യ മേഖലയിൽ ഉൾപ്പടെയുള്ള വ്യവസായ പാർക്കുകൾക്ക് രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും ഒഴിവാക്കുമെന്ന പ്രഖ്യാപനമുണ്ട്. ഇതും ഒരു ഉത്തരവായി ഇതുവരെ ഇറക്കിയിട്ടില്ല.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ അനുഭാവപൂർവ്വം പരിഗണിച്ച് നടപ്പാക്കിയാൽ സംസ്ഥാനത്ത് നല്ലൊരു വ്യവസായ സൗഹൃദ അന്തരീക്ഷത്തിന് ആക്കം കൂടുകയും സംരംഭകർക്ക് നല്കിയ വാഗ്ദാനങ്ങൾ പാലിക്കപ്പെടുകയും ചെയ്യും.

**എ. നിസാറുദ്ദീൻ**
**സംസ്ഥാന പ്രസിഡന്റ്**

MoFPI
MINISTRY OF FOOD PROCESSING INDUSTRIES
GOVERNMENT OF INDIA

K-bip

വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ

PMFME
सूक्ष्म उद्यमों का संबल

# ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് വലിയ ഉയരങ്ങൾ താണ്ടാം



## 10 ലക്ഷം രൂപ വരെ സബ്സിഡി

യോഗ്യമായ പദ്ധതി ചിലവിന്റെ 35% ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന സബ്സിഡിയായി പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം

## എസ്.എച്ച്.ജി. അംഗങ്ങൾക്ക് 40000 രൂപ വരെ ധനസഹായം

സ്വയം സഹായ സംഘങ്ങളിലെ ഓരോ അംഗത്തിനും പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനും 40000 രൂപ വരെ ധനസഹായം

## പൊതു അടിസ്ഥാന സൗകര്യത്തിന് 3 കോടി രൂപ വരെ

പൊതു അടിസ്ഥാന സൗകര്യത്തിനും മൂലധന നിക്ഷേപത്തിനും എസ്.എച്ച്.ജി., എഫ്.പി.ഒ., സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് 3 കോടി രൂപ വരെ ധനസഹായം

**ഓരോ അപേക്ഷകനും ആദ്യാന്ത്യം സമ്പൂർണ കൈത്താങ്ങ് ഉറപ്പാക്കുന്നു**

# പ്രധാൻ മന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പിഎംഎഫ്എംഇ) പദ്ധതി

കൂടുതൽ വിവരങ്ങൾക്ക്

**ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെടുക**

**വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**
വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം - 695033.
ഫോൺ: 91 471 2302774 | ഫാക്സ്: +91 471 2305493
ഇമെയിൽ: industriesdirectorate@gmail.com
വെബ്: www.industry.kerala.gov.in

K-bip

**കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ**
2, വിദ്യാ നഗർ, പൊലീസ് ഗ്രൗണ്ടിന് എതിർവശം,
തൈക്കാട് പി.ഒ., തിരുവനന്തപുരം - 695014.
ഫോൺ: +91 471 2321882 | ഫാക്സ്: +91 471 2322883
ഇമെയിൽ: kbip@keralaindustry.org | വെബ്: www.kbip.org



# 2025 ലോക എം.എസ്.എം.ഇ. ദിനം
## പ്രശ്ന രഹിത മേഖലയായി എം.എസ്.എം.ഇ. ദിനമായി ആചരിക്കാം

**വോയിസ് ഓഫ് ജനറൽ സെക്രട്ടറി**

2024 ജൂൺ 27-ാം ലോകമെമ്പാടും ഇന്റർനാഷണൽ എം.എസ്.എം.ഇ. ദിനമായി ആചരിച്ചു. ഇന്ത്യയിലും നമ്മുടെ സംസ്ഥാനത്തും ഈ ദിനം സമുചിതമായി ആചരിച്ചു. കെ.എസ്.എസ്.ഐ.എ. യുടെ എല്ലാ ജില്ലകളിലും ഈ ദിനത്തിന്റെ പ്രാധാന്യം മനസ്സിലാക്കി സെമിനാറുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുകയുണ്ടായി. ഐക്യരാഷ്ട്ര സഭയുടെ ആഹ്വാനമനുസരിച്ച് 2017 ജൂൺ 27 മുതലാണ് എം.എസ്.എം.ഇ. ദിനം ആചരിച്ചു വരുന്നത്. കുറഞ്ഞ മൂലധനം, കൂടുതൽ തൊഴിൽ അവസരങ്ങൾ താരതമ്യേന മലിനീകരണം കുറവ് എന്നീ അനുകൂലമായ ഘടകങ്ങളോടെ പ്രവർത്തനം കാഴ്ച വെക്കുന്ന ഈ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്താണ് എല്ലാ വർഷവും എം.എസ്.എം.ഇ. ദിനം ആചരിക്കാൻ ഐക്യരാഷ്ട്ര സഭ തീരുമാനിച്ചത്. ഈ മേഖലയുടെ പ്രവർത്തന ഫലമായി രാജ്യത്തിന്റെ വികസനത്തോടൊപ്പം തൊഴിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, പട്ടിണി പൂർണ്ണമായും ഒഴിവാക്കുക, നല്ല ആരോഗ്യവും ക്ഷേമവും ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കൂടിയാണ് എം.എസ്.എം.ഇ. ദിനം ആചരിച്ചു വരുന്നത്.

എം.എസ്.എം.ഇ. യുടെ വളർച്ചയ്ക്ക് ആഗോള സമ്പദ് വ്യവസ്ഥയിൽ അവയുടെ പങ്കും തിരിച്ചറിയാനുള്ള ഒരവസരം കൂടിയായിട്ടാണ് ഈ ദിനം ആചരിക്കുന്നത്. ഇന്ത്യയുടെ വ്യാവസായിക ഉല്പാദനം, കയറ്റുമതി, തൊഴിൽ വികസനം, റവന്യു വരുമാനം എന്നിവയുടെ ഗണ്യമായ ഭാഗം എം.എസ്.എം.ഇ. മേഖലയുടേതാണ്. എം.എസ്.എം.ഇ. വൻകിട വ്യവസായങ്ങളുടെ അനുബന്ധ യൂണിറ്റായും പ്രവർത്തിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 30 ശതമാനവും ഈ മേഖലയാണ് സംഭാവന ചെയ്യുന്നത്. ഇന്ത്യയിൽ 4.62 കോടി രജിസ്റ്റർ ചെയ്ത സംരംഭങ്ങളിൽ 20 കോടിയിലധികം തൊഴിൽ അവസരമുള്ളതായിട്ടാണ് കണക്ക്. എം.എസ്.എം.ഇ. കളുടെ പ്രധാന പങ്കും അവ നേരിടുന്ന വെല്ലുവിളികളും തിരിച്ചറിഞ്ഞ് ക്രെഡിറ്റ് പിന്തുണ, സാങ്കേതിക നവീകരണം, അടിസ്ഥാന വികസന സൗകര്യം, നൈപുണ്യ വികസനം, വിപണി പ്രശ്നം, ലൈസൻസ് സംബന്ധമായ ബുദ്ധിമുട്ടുകൾ ഉൾപ്പെടെയുള്ള വിവിധ സംരംഭങ്ങളുടെ വളർച്ചയ്ക്ക് ശ്രദ്ധേയമായ പദ്ധതികളും, സഹായങ്ങളും. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭാഗത്തു നിന്നുണ്ടാകണം. മുൻ കാലങ്ങളിൽ കേന്ദ്ര സർക്കാരിൽ വ്യവസായ വകുപ്പ് മന്ത്രാലയം മാത്രമാണ് ഉണ്ടായിരുന്നത്. ഇന്ന് എം.എസ്.എം.ഇ. യുടെ പ്രാധാന്യം കണക്കിലെടുത്ത് എം.എസ്.എം.ഇ. മന്ത്രാലയവും മന്ത്രിമാരേയും നിയോഗിക്കപ്പെടുകയുണ്ടായി. 2025 ജൂൺ 27-ാം തിയതി എം.എസ്.എം.എ. ദിനം ആചരിക്കുമ്പോൾ സുസ്ഥിര വികസനത്തിന്റെയും സമൃദ്ധിയുടെയും സംഘാടകരായി അവയുടെ സാദ്ധ്യതകൾ തിരിച്ചറിഞ്ഞ ഈ സംരംഭങ്ങളെ പിന്തുണക്കുന്നതിനും പരിപോക്ഷിപ്പിക്കുന്നതിനുമുള്ള നമ്മുടെ പ്രതിബദ്ധതക്കുവേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരും വ്യവസായ സമൂഹവും ഒത്തൊരുമിച്ച് പ്രവർത്തിക്കാം. ഈ മഹായത്നത്തിൽ എം.എസ്.എം.ഇ. കളെ പ്രതിനിധികരിക്കുന്ന കെ.എസ്.എസ്.ഐ.എ. യുടെ സജീവ പങ്കാളിത്തം ഉണ്ടാകും.■

**പി.ജെ. ജോസ്**
**ജനറൽ സെക്രട്ടറി**

HAPPY **MSME**  DAY

# ജി.എസ്.ടി. യുടെ 8 -ാം വർഷം...

## യഥാർത്ഥ ലക്ഷ്യത്തിലേക്ക് ഇനിയും കടമ്പകളുണ്ട്. 2024 ജൂലൈ 1ന് ജി.എസ്.ടി. യുടെ എട്ടാം പിറന്നാളാണ്.

GOODS SERVICES

മൺമറഞ്ഞ Arun Jaitley ആയിരുന്നു GST തുടങ്ങിയ കാലഘട്ടത്തിലെ കേന്ദ്ര ധനകാര്യ മന്ത്രി. കേരളത്തിന്റെ ധന കാര്യ മന്ത്രി Dr T.M. Thomas Issac ആയിരുന്നു.

1. കേരളം ഉൾപ്പടെയുള്ള പല സംസ്ഥാനങ്ങളും GST യുടെ ആദ്യ വർഷങ്ങളിൽ നിഷ്ക്രിയരായിരുന്നു. GST യുടെ ആദ്യ വർഷങ്ങളിൽ ഞങ്ങൾ അധികം പണിയെടുക്കുന്നില്ല എന്ന് കേരള ധനകാര്യ മന്ത്രി ഉൾപ്പടെ പ്രകടമാക്കിയിരുന്നു. ആദ്യ അഞ്ചു വർഷങ്ങളിലെ സംസ്ഥാനങ്ങളുടെ നികുതി കുറവ് COMPENSATE ചെയ്യുവാൻ GST യിൽ COMPENSATION CESS ഉണ്ട് അതു കൊണ്ട് ആ കുറവ് കേന്ദ്രം തരുമല്ലോ എന്നു പറഞ്ഞു. കേരളത്തിൽ GST യുടെ പ്രവർത്തനങ്ങൾ ഏതാണ്ട് നാമ മാത്രമായിരുന്നു.

2. 2017 ലും ഏതാണ്ട് 2018 വരെ ഒക്കെ GST യിലെ പ്രമുഖ രായ പല ഉദ്യോഗസ്ഥരും മിടുക്കരായ പല ജീവനക്കാരും ക്രിയാത്മകമായി പ്രവർത്തിക്കാൻ കേരളത്തിൽ അവസരം ഉണ്ടായില്ല. GST നിയമത്തിന്റെ പ്രത്യേകത കൊണ്ടുതന്നെ നിലവിലുണ്ടായിരുന്ന 'VAT,' CST തുടങ്ങിയ നിയമങ്ങൾക്ക് 2017 SEPTEMBER നു ശേഷം നിലനിൽപ്പുണ്ടായിരുന്നില്ല എന്ന GST യുമായി ബന്ധപ്പെട്ട ഭരണഘടന ഭേദഗതിയ്ക്ക് അനുസൃതമായി ഹൈക്കോടതികൾ VAT ASSESSMENT കളെ 'STAY' ചെയ്തപ്പോൾ, കേരള ഹൈക്കോടതിയും നാലായിരത്തോളം VAT ASSESSMENT കൾക്ക് 'STAY' ചെയ്തു GST DEPARTMENT കളെ അനക്കമില്ലാത്തതാക്കി മാറ്റി എന്നാൽ ഈ സമയത്ത് GST യുടെ മറ്റുമേഖലകളിൽ, പ്രത്യേകിച്ച് മുന്നൊരുക്കത്തിന് നല്ലൊരു സമയമായിരുന്നു. കേരളം അത് നല്ല രീതിയിൽ വിനിയോഗിച്ചില്ല എന്നത് വസ്തുതയാണ് 2017 വരെ VAT കാലഘട്ടത്തിൽ ഉദ്യോഗസ്ഥർക്ക് 'TARGET' എന്ന അലിഖിതമായും ലിഖിതമായും ഉണ്ടായിരുന്ന ചില മാനദണ്ഡം GST യുടെ ആദ്യവർഷങ്ങളിൽ ഇല്ലാതെയായി GST ഉദ്യോഗസ്ഥർ ഒരു പണിയുമില്ലാത്ത, കാര്യമായ ഉത്തരവാദിത്തമില്ലാത്ത അവസ്ഥയിലായിരുന്നു ആദ്യ കാലഘട്ടങ്ങളിൽ.

3. മറ്റു സംസ്ഥാനങ്ങൾ 2016 മുതൽ തന്നെ GST യുടെ പരിശീലനങ്ങൾ തുടർച്ചയായി നടത്തി 2017-ൽ തന്നെ GST ക്ക് ഒരുങ്ങിയപ്പോൾ, കേരളം നിഷ്ക്രിയരായിരുന്നു കേരളത്തിലെ GST വകുപ്പ് പുനർ വിന്യാസം തുടങ്ങിയതു തന്നെ 2022 ൽ ആണെന്നു പറഞ്ഞാലും തെറ്റില്ല.

4. GST യിൽ ആദ്യം മുതൽ നേരിട്ട പ്രശ്നങ്ങൾ: GST RETURN ലെ പ്രതിസന്ധി, നിയമത്തിന്റെ പോരായ്മ, 2019 ലെ ലോകസഭാ ഇലക്ഷൻ GST യെ മാറ്റി മറിക്കുമോ എന്ന രീതിയിൽ മൊത്തത്തിലുണ്ടായിരുന്ന പ്രതീതി GST-NETWORK ന്റെ തുടർച്ചയായുള്ള പ്രവർത്തനക്ഷമതയില്ലായ്മ, ഉദ്യോഗസ്ഥ തലത്തിൽ വേണ്ടത്ര പരിശീലനം നല്കാതതിലെ വീഴ്ചകൾ, നിലവാരമില്ലാത്ത കമ്പ്യൂട്ടർ ഇന്റർനെറ്റ് സൗകര്യങ്ങൾ സൃഷ്ടിച്ച പ്രതിസന്ധികൾ, പുതിയ നിയമത്തെ നെഗറ്റീവ് ചിന്താഗതിയോടെ സമീപിക്കുന്നതിന്റെ പ്രശ്നങ്ങൾ തുടങ്ങി എണ്ണിയാൽ ഒടുങ്ങാത്ത ഘടകങ്ങൾ GST യെ തുടക്കത്തിൽ തന്നെ പ്രതിസന്ധിയിലാക്കി.

5. നിപ്പാ വൈറസ്, കേരളത്തിലെ വെള്ളപ്പൊക്കം, കോവിഡ് പകർച്ച വ്യാധികൾ എന്നിവയും GST യുടെ പ്രവർത്തനത്തെ കൂടുതൽ പ്രശ്ന കലുഷിതമാക്കി.

6 നിലച്ചുപോയ അവസ്ഥയിലായ കേരളത്തിലെ GST യുടെ പ്രവർത്തനങ്ങൾ 2021 ഓടെ സജീവമായി.

7. Kerala GST Restructure ഒരു പുതിയ ആരംഭമായിരുന്നു: 02.08.2022 ൽ കേരളത്തിൽ GST RESTRUCTURE നടപ്പാക്കാനുള്ള ഉത്തരവ് ഇറങ്ങി. എന്നാൽ പോലും, ഇപ്പോഴും പല കാര്യങ്ങളും അപൂർണ്ണമാണ്. എങ്കിലും പഴയതിനെക്കാളും ഭേദം.

8 . **GST Tribunal:** കേന്ദ്ര സർക്കാരിന്റെയും, സംസ്ഥാന സർക്കാരുകളുടെയും ഇച്ഛാശക്തിയില്ലായ്മ തന്നെയാണ് 7 വർഷം കഴിഞ്ഞിട്ടും GST TRIBUNAL തുടങ്ങാൻ കഴിയാതെയിരുന്നത് മദ്രാസ് ഹൈക്കോടതിയുടെ ഉത്തരവ് കൊണ്ടാണ് GST Tribunal വൈകിയത് എന്നു പറഞ്ഞു തടിതപ്പാൻ കേന്ദ്ര സർക്കാരിനോ GST കൗൺസിലിനോ പറ്റില്ല, വേണം എന്ന ദൃഢ നിശ്ചയം ഇല്ലാത്തതുകൊണ്ട് തന്നെയാണ് GST TRIBUNAL വൈകിയത്. ഏതായാലും 2024-ൽ നടന്ന GST കൗൺസിൽ മീറ്റിങ്ങിൽ എടുത്ത തീരുമാന പ്രകാരം GST APPELLATTE TRIBUNAL നിലവിൽ വന്നു കൊണ്ടിരിക്കുന്നത് ആശ്വാസം തന്നെ.






അഡ്വ. കെ.എസ്. ഹരിഹരൻ
B.Com, LLB, MBA, LLM

9. വ്യാപാരികളും വ്യവസായികളും പ്രൊഫഷണലുകളും ഇന്നും കൃത്യതയില്ലാത്ത നിയമ വ്യാഖ്യാനങ്ങൾ മൂലം ബുദ്ധിമുട്ടിലാണ്. 2024 ൽ തീർച്ചയായും GST TRIBUNAL കൾ പ്രവർത്തനക്ഷമമാകുമ്പോൾ, GST കുറച്ചുകൂടി സുതാര്യമാകും.

10. GST കൗൺസിൽ എന്ന GST യുടെ നട്ടെല്ല് കൂടുതൽ സുതാര്യതയിലേക്കു പോകുമ്പോൾ, GST കൗൺസിലിൽ കുറച്ചു കൂടി സുതാര്യമായ തീരുമാനങ്ങൾ ഉണ്ടാകും. അത് GST യുടെ വിജയമാകും. GST കൗൺസിൽ സജീവമാകാൻ സാധ്യതയുള്ള രീതിയിൽ GST കൗൺസിലിൽ മാറ്റം വരുന്നത് നല്ലതു തന്നെ. GST കൗൺസിലിന്റെ പ്രവർത്തനത്തിൽ മാറ്റം വരുന്ന രീതിയിൽ ഉള്ള ലോകസഭാ ഇലക്ഷൻ ഫലവും കേന്ദ്ര ഭരണത്തിൽ പല രാഷ്ട്രീയ കക്ഷികളുടെയും കൂട്ടായുള്ള ശക്തിയും GST യുടെ നല്ല പ്രവർത്തനത്തിന് നല്ലതുതന്നെ.

12. അൻപത്തിമൂന്നാമത് നടന്ന GST കൗൺസിലിൽ, GST യിൽ നിലവിലുള്ള പല പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടായിരിക്കുന്നു. അങ്ങനെ GST യുടെ എട്ടാം വർഷം പ്രതീക്ഷയുടെ വർഷമാണ് എന്ന് നമുക്ക് പ്രതീക്ഷിക്കാം.

13. ഏഴു വർഷം കൊണ്ട് ആയിരത്തിലേറെ നിയമ ഭേദഗതികൾ വന്നിട്ടും, ഇനിയും മാറ്റങ്ങൾക്കായി കാത്തിരിക്കുന്ന 'GST വളരെ സുതാര്യമായ GST' എന്ന സ്വപ്നം സഫലമാകാനുള്ള അടിത്തറ 2024 ഇൽ തന്നെ ഉണ്ടാകട്ടെ.

14. അങ്ങനെ 'ഒരൊറ്റ രാജ്യം ഒരൊറ്റ നികുതി' എന്ന ആശയത്തിൽ GST എത്രയും വേഗം എത്തട്ടെ എന്ന് പ്രത്യാശിക്കുന്നു. ■

**അസോസിയേഷന്റെ ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് സബ് കമ്മിറ്റിയുടെ ചെയർമാനാണ് ലേഖകൻ**
☎ 9846227555, 7902443188, 7907000401

# വ്യാവസായിക വാർത്തകൾ

## മൂലധന നിക്ഷേപം ആകർഷിക്കാൻ ജനുവരിയിൽ ആഗോള നിക്ഷേപക സംഗമം

സംസ്ഥാനത്തെ വ്യവസായ മേഖലയിൽ കൂടുതൽ മൂലധന നിക്ഷേപം ആകർഷിക്കാൻ ജനുവരിയിൽ നിക്ഷേപ സംഗമം നടത്തുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് നിയമസഭയിൽ പറഞ്ഞു. ഈ നിക്ഷേപക സംഗമത്തിന് മുമ്പ് ലോജിസ്റ്റിക്. ഇ.എസ്.ജി. ഗ്രഫീൻ കയറ്റുമതി നയങ്ങൾക്ക് സർക്കാർ രൂപം നല്കും. 22 മേഖലകളലായി സംരംഭകരുടെ 12 റൗണ്ട് ടേബിൾ സമ്മേളനങ്ങൾ സംഘടിപ്പിക്കും. 50 കോടി രൂപ വരെ മുതൽ മുടക്കുള്ള 98 സ്ഥാപനങ്ങളും ₹50 കോടിക്ക് മുകളിൽ നിക്ഷേപമുള്ള 35 സ്ഥാപനങ്ങളും കെ.എസ്.ഐ.ഡി.സി. മുഖേന കേരളത്തിൽ തുടങ്ങി. 9598 കോടി രൂപയുടെ നിക്ഷേപം ഇതിലൂടെ ഉണ്ടായതായും വ്യവസായ വകുപ്പ് മന്ത്രി പറഞ്ഞു.■

## ദേശസാൽകൃത ബാങ്കുകളുടെ വായ്പാ നിരക്കിൽ ഗണ്യമായ വർദ്ധനവ് എം.എസ്.എം.ഇ. കൾക്ക് ₹ 80,210 കോടി വായ്പ

2023- 24 സാമ്പത്തിക വർഷത്തിൽ 80,210 കോടി രൂപ ബാങ്കുകൾ എം.എസ്.എം.ഇ. മേഖലയ്ക്ക് വായ്പ നല്കി. 2020-21 ൽ 59,971 രൂപ നല്കിയ സ്ഥാനത്താണിത്. അനുവദിച്ച വായ്പയിൽ 30.57 ശതമാനവും ഉല്പാദന മേഖലയിലെ സംരംഭങ്ങൾക്കാണ്. സംസ്ഥാനത്ത് വ്യവസായ മേഖലയിൽ ഉണ്ടായ കുതിപ്പ് വ്യക്തമാക്കി സംസ്ഥാന തല ബാങ്കേഴ്സ് സമിതി റിപ്പോർട്ടിലാണ് ഇത് വ്യക്തമാക്കുന്നത്. സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ നല്കുന്ന വായ്പ കൂടി കണക്കാക്കിയാൽ വായ്പ തുക ₹1 ലക്ഷം കോടി കടക്കുമെന്നും റിപ്പോർട്ടിലുണ്ട്. കേരള ബാങ്ക് മാത്രം കഴിഞ്ഞ സാമ്പത്തിക വർഷം അമ്പതിനായിരത്തിലധികം സംരംഭങ്ങൾക്കായി 2,500 കോടിയോളം രൂപ വായ്പ നല്കി. 2021-22 ൽ ₹64,957 കോടിയും 2022-23 ൽ ₹68,452 കോടിയും വായ്പ നല്കി. സംസ്ഥാന സർക്കാർ സംരംഭക വർഷ പദ്ധതി പ്രഖ്യാപിച്ചതിനെ തുടർന്ന് ഈ മേഖലയിൽ കടന്ന് വന്ന സംരംഭങ്ങളുടെ ഗണ്യമായ വർദ്ധന വിനെ തുടർന്നാണ് ബാങ്കുകളുടെ വായ്പ പരിധി ഉയരാനും സാധിച്ചത്.■

## ലാന്റ് പൂളിങ്ങ് വ്യവസ്ഥ പ്രകാരം ഭൂമി ഏറ്റെടുക്കും

ഗ്രാമ, നഗര ആസൂത്രണം ഭേദഗതി നിയമത്തിന്റെ ഭാഗമായുള്ള ചട്ട ഭേദഗതിയിൽ ലാന്റ് പൂളിങ്ങ് സംവിധാന മുണ്ടാകുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. 75% പേർ അനുകൂലമാണെങ്കിൽ പൂളിങ്ങ് വ്യവസ്ഥയിൽ ഭൂമി ഏറ്റെടുക്കും. 15 ഏക്കർ വരെ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് അനുമതിയുണ്ട്. 15 ഏക്കറിൽ കൂടുതൽ വ്യവസായ പാർക്ക് വികസിപ്പിക്കുന്നതിന് മന്ത്രിതല സമിതിക്ക് രൂപം നല്കിയിട്ടുണ്ട്. 27 സ്വകാര്യ വ്യവസായ പാർക്കിന് ഇതിനകം അനുമതി നല്കി. 25 ക്യാമ്പസ് വ്യവസായ പാർക്ക് ആരംഭിക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഈ പദ്ധതി വിജയകരമായി നടപ്പാക്കുന്നതിന് കേന്ദ്ര സഹായവും പ്രതീക്ഷിക്കുന്നു. ഗുജറാത്തിൽ ഒരു തൊഴിൽ അവസരം സൃഷ്ടിക്കുന്നതിന് മൂന്നര കോടി രൂപ കേന്ദ്ര സർക്കാർ ഇൻസെന്റീവ് ആയി നല്കിയപ്പോൾ കേരളത്തിൽ അർഹതപ്പെട്ട വിഹിതം കിട്ടിയില്ലെന്നും മന്ത്രി പറഞ്ഞു.■

# എങ്ങിനെ ഇൻഷുർ ചെയ്താൽ
# ശരിയായ നഷ്ടപരിഹാരം ലഭിക്കും





വിശ്വനാഥൻ ഒടാട്ട്

നിങ്ങൾ ഇൻഷുർ ചെയ്തിരുന്ന വസ്തുവഹകൾക്കൊ, നിങ്ങൾക്കൊ ഒരു ക്ലെയിം ഉണ്ടായശേഷം നഷ്ടപ്പെട്ട തുക മുഴുവനായും തിരിച്ച് കിട്ടിയില്ലെ? കിട്ടിയിട്ടില്ലെങ്കിൽ അതിന്റെ പ്രധാന കാരണം ഇൻഷുർ ചെയ്തതിലെ പിഴവുകൾ ആകാനിടയുണ്ട്. തെറ്റുകൾ കൂടാതെ ശരിയായി ഇൻഷുർ ചെയ്താൽ നിങ്ങൾക്കു നഷ്ടപരിഹാര തുക കൃത്യമായി ലഭിക്കുന്നതാണ്. പലതരം പോളിസികൾ എടുക്കുമ്പോൾ എങ്ങിനെ ശരിയായി ഇൻഷ്വർ ചെയ്യാമെന്ന് നമുക്ക് പരിശോധിക്കാം.

**ഫയർ ഇൻഷുറൻസ്** : നമ്മുടെ ആസ്തികളാണ് ഈ പോളിസിയിൽ ഉൾപ്പെടുക. അതായത് ബിൽഡിങ്ങ്, മെഷീനറി, സ്റ്റോക്ക്, മറ്റു സാധന സാമഗ്രികൾ എന്നിവയാണിത്. ബിൽഡിങ്ങ്, മെഷിനറിഎന്നിവ പഴക്കമുള്ളതാകുമ്പോൾ നാം ഇപ്പോഴത്തെ വിപണിവിലക്കൊ, അതല്ലെങ്കിൽ തേയ്മാനം കഴിച്ചുള്ള തുകക്കൊ ആണ് ഇൻഷുർ ചെയ്യുക. പക്ഷെ നമ്മുക്ക് ഒരു അത്യാഹിതം സംഭവിച്ച് കഴിഞ്ഞ് ക്ലെയിം കിട്ടുമ്പോൾ ബിൽഡിങ്ങും, മെഷിനറിയും പുതുതായി നിർമ്മിക്കേണ്ടിവരും. അതിനാൽ ഇവരണ്ടും (റീ ഇൻസ്റ്റേറ്റ്മെന്റ് വാല്യു) പുതുതായി വാങ്ങുവാനും, നിർമ്മിക്കുവാനുമുള്ള തുകക്കാണ് ഇൻഷുർ ചെയ്യേണ്ടത്. സ്റ്റോക്ക് ഇൻഷുർ ചെയ്യുമ്പോൾ അതിന്റെ ശരിയായ വിലക്ക് ഇൻഷുർ ചെയ്താൽ മതി. സാധാരണയായി ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പ എടുക്കുന്നവർ തീരെ ശ്രദ്ധിക്കാതെ പോകുന്നതും, ഒരു ക്ലെയിം ഉണ്ടായാൽ നഷ്ടം നികത്താൻ സാധികാതെ പോവുന്നതും ഇതുമൂലമാണ്.

**ആരോഗ്യ ഇൻഷുറൻസ്**: അസുഖങ്ങളും, അപകടങ്ങളും ദിനംപ്രതി കൂടി വരികയാണല്ലൊ. ആശുപത്രി ചിലവുകളുടെ കാര്യത്തിലും സ്ഥിതി മറിച്ചല്ല. ചികിത്സാചിലവുകൾ മുന്നിൽ കണ്ടുവേണം ഇൻഷുർ ചെയ്യുന്ന തുക നിശ്ചയിക്കാൻ. അതു പോലെ തന്നെ പ്രധാനമാണ് കവർ ചെയ്യുന്ന റിസ്കുകൾ, പോളിസിയിലെ മറ്റു നിബന്ധനകൾ എന്നിവ. നിങ്ങളുടെ സ്ഥാപനത്തിലെ ജീവനക്കാരെ ഉൾപ്പെടുത്തിയാണെങ്കിൽ (20 പേർ ഉണ്ടെങ്കിൽ) ഇപ്പോൾ വിപണിയിൽ നിലവിലുള്ള അസുഖങ്ങൾ ഉൾപ്പെടെ കവർ ചെയ്യുന്ന കസ്റ്റമൈസ്ഡ് പോളിസികൾ ലഭിക്കുന്നതാണ്. കുറഞ്ഞ പേരാണ് ജോലി ചെയ്യുന്നതെങ്കിൽ നിലവിലുള്ള അസുഖങ്ങൾ കവർച്ച ചെയ്യാൻ കാത്തിരിക്കേണ്ടിവരും.

**അപകട ഇൻഷുറൻസ്**: ജോലിസ്ഥലങ്ങളിൽ അപകടങ്ങൾ സംഭവിക്കുക സാധാരണമാണ്. പലപ്പോഴും ജോലിക്കാർ മാറി കൊണ്ടിരിക്കുന്ന സാഹചര്യം നിലവിലുണ്ട്. അപകടം മൂലമുള്ള നഷ്ടങ്ങൾക്ക് നിയമപരമായ ബാധ്യത കവർ ചെയ്യുന്ന പോളിസിയാണ് എംപ്ലോയിസ് കോമ്പൻസേഷൻ. ഇതിൽ തൊഴിലാളികളുടെ പേര് നൽകേണ്ട. തൊഴിലും ആളുകളുടെ എണ്ണവും നൽകിയാൽ മതി. പക്ഷെ മസ്റ്റർറോൾ നിർബന്ധമായും ഉണ്ടായിരിക്കണം. അതല്ലാതെ നമ്മുടെ സ്ഥാപനത്തിൽ സ്ഥിരമായി ജോലിചെയ്യുന്നവർക്ക് അപകട ഇൻഷുറൻസും നൽകാവുന്നതാണ്. ഇതിൽ അപകട മരണം, അംഗവൈകല്യങ്ങൾ, അപകടമൂലമുള്ള ചികിത്സചിലവ്, ആംബുലൻസ് വാടക എന്നിവയ്ക്കു പുറമെ വീക്കിലി കോമ്പൻസേഷൻ വരെ ഉൾപ്പെടുത്തി ഇൻഷുർ ചെയ്യാവുന്നതാണ്. നമ്മുടെ ആവശ്യങ്ങളെ കോർത്തിണക്കി പോളിസികൾ ചിട്ടപ്പെടുത്തി എടുക്കാവുന്നതാണ്.

**സുരക്ഷിതരാവാൻ പ്രാപ്തരാവുക**: ഭൂരിഭാഗം വ്യവസായികളും ധനകാര്യസ്ഥാപനത്തിൽ നിന്നും ലോൺ എടുത്തവരായിരിക്കും. ബാങ്കുകളാകട്ടെ ലോൺ തുകക്ക് അനുസൃതമായി പോളിസി എടുത്തേക്കാം. എന്നാൽ നമ്മുടെ വസ്തുവഹകൾ ശരിയായ തുകക്ക്, ശരിയായ സംരക്ഷണ മാർഗ്ഗങ്ങളാണൊ സ്വീകരിച്ചിരിക്കുന്നതെന്ന് നമ്മുക്ക് അറിയില്ല. ആയതിനാൽ നിങ്ങളുടെ ഇൻഷുറൻസ് സംബന്ധമായകാര്യങ്ങൾ ഒരു വിദഗ്ദനെ ഏല്പിക്കുക. ശരിയായി സുരക്ഷിതരാവാൻ പ്രാപ്തരാവുക. ഇല്ലെങ്കിൽ കഷ്ടനഷ്ടങ്ങൾ, ദുരന്തങ്ങൾ എന്നിവ ഉണ്ടാവുമ്പോൾ സഹായിക്കാൻ ആരുംഉണ്ടായെന്നുവരില്ല.

മേൽപറഞ്ഞ ഇൻഷുറൻസ് പദ്ധതികൾ ശരിയായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവർ KSSIA അംഗീകൃത ഇൻഷുറൻസ് ബ്രോക്കിങ്ങ് കമ്പനിയായഎയിംസിനെ സമീപിക്കുക.■

**എയിംസ് ഇൻഷുറൻസ് ബ്രോക്കിംങ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിങ്ങ് ഡയറക്ടർ ആണ് ലേഖകൻ. ✆ 9895768333**

# പി എം എഫ് എം ഇ പദ്ധതിയിൽ അഭിമാന നേട്ടം സ്വന്തമാക്കി കേരളം

## വ്യക്തിഗത വായ്പാ അപേക്ഷ ദേശീയ തലത്തിൽ കേരളത്തിന് മൂന്നാം സ്ഥാനം



സുരജ് എസ്.

PMFME
सूक्ष्म उद्यमों का संबल




ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് മുതൽ മുടക്കിന്റെ 35 ശതമാനം വരെ സബ്സിഡിയോടു കൂടിയ സംരംഭക മൂലധന വായ്പ പിന്തുണ ലഭ്യമാക്കുന്ന പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രൊസ്സസിംഗ് എന്റർപ്രൈസസ് (പി.എം.എഫ്.എം.സി) പദ്ധതിയിൽ അഭിമാനനേട്ടം സ്വന്തമാക്കി കേരളം. പദ്ധതിയിൻ കീഴിൽ വ്യക്തിഗത വായ്പാ അപേക്ഷ അനുവദിച്ചതിൽ ദേശീയ തലത്തിൽ മാന്നാം സ്ഥാനം നേടിയാണ് കേരള മിന്നും തിളക്കം കലസ്ഥമാക്കിയത്. സംസ്ഥാന വ്യവസായ വാണിജയ ഡയറക്ടറേറ്റിലെ കൃത്യമായ ആസൂത്രണവും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ മികവാർന്ന നേതൃപാടവവുമാണ് കേരളത്തിന് അഭിമാന നേട്ടം സമ്മാനിച്ചത്.

▶ **ആകെ ലക്ഷ്യം**
**2526**

▶ **കൈവരിച്ചത്**
**2548**



2023-24 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിനു കീഴിലെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം കേരള സംസ്ഥാനത്തിനായി 2526 വ്യക്തിഗത വായ്പാ അപേക്ഷകളായിരുന്നു ലക്ഷ്യമായി നൽകിയിരുന്നത്. നൽകപ്പെട്ട ലക്ഷ്യവും മറികടന്ന് മിക വാർന്ന ലക്ഷ്യ പൂർത്തീകരണമാണ് സംസ്ഥാനം കാഴ്ച വച്ചത്. 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ 35 ശതമാനം ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ് ലഭിക്കുന്നതിന് വ്യക്തിഗത വിഭാഗത്തിന് കീഴിൽ സംസ്ഥാനം 2548 വായ്പകൾക്കാണ് അനുവാദം നൽകിയത്. അതായത് ഗ്രൂപ്പ് വിഭാഗത്തിന് വായ്പ അനുവദിച്ച സംരംഭങ്ങൾ ഉൾപ്പടെ 102 ശതമാനം ആണ് പദ്ധതിയുടെ ലക്ഷ്യപൂർത്തീകരണം. ഈ പ്രകടനത്തോടെ 2023-24 സാമ്പ ത്തിക വർഷത്തിൽ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി വിഭാഗത്തിന് കീഴിൽ അനുവദിച്ച വായ്പ കളുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള റാങ്കിംഗിൽ ദേശീയ തലത്തിൽ കേരളം മൂന്നാം സ്ഥാനം നേടുകയായിരുന്നു.

ഭക്ഷ്യ സംസ്കരണ-മൂല്യവർദ്ധിത മേഖലകളിൽ സംസ്ഥാന ത്തെ വിപുലമായ അവസരങ്ങളും സാധ്യതകളും പ്രയോജന പ്പെടുത്തുന്നതിനായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സംസ്ഥാന നോഡൽ ഡിപ്പാർട്ട്മെന്റ് ആയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ഡിസ്ട്രിക്റ്റ് നോഡൽ പോയിന്റ് ആയും പ്രവർത്തിക്കുന്നു. വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) ആണ് പദ്ധതി നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസി. പദ്ധതിയുടെ ഭാഗമായി വ്യക്തിഗത ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക് പരമാവധി 10 ലക്ഷം രൂപ വരെ ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന സബ്സിഡി ലഭിക്കും.



## പി.എം.എഫ്.എം.ഇ. സബ്സിഡി വിതരണം

സംസ്ഥാന നോഡൽ ഏജൻസി (കെ-ബിപ്പ്) കേരളത്തിൽ നിന്നുള്ള 1603 ഗുണഭോക്താക്കൾക്ക് ഗ്രാന്റ് ഇൻ എയ്ഡ് സബ്സിഡിയായി നോഡൽ ബാങ്ക് (യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ന്യൂഡൽഹി) മുഖേന വായ്പ നൽകുന്ന ബാങ്കുകളുടെ ട്രാൻസിയന്റ് അക്കൗണ്ടുകളിലേക്ക് ഇത് വരെ 40.19 കോടി രൂപ വിതരണം ചെയ്തു.■

**കെ-ബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആണ് ലേഖകൻ**

## ഒന്നാമതാണ് കേരളം

**നേരത്തെ പ്രധാനമന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതിയുടെ (പി.എം.എഫ്.എം.ഇ.) സീഡ് ക്യാപിറ്റൽ ധനസഹായ വിതരണത്തിലും കേരളം ബഹുദൂരം മുന്നിൽ എത്തിയിരുന്നു. കുടുംബശ്രീയുടെ കീഴിലുള്ള സ്റ്റേറ്റ് അർബൻ ലൈവിലിഹുഡ് മിഷന്റെയും പി.എം.എഫ്.എം.ഇ. പദ്ധതിയുടെ സംസ്ഥാന നോഡൽ ഏജൻസിയായ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെയും പരിശ്രമ ങ്ങളാണ് പദ്ധതി അവലോകന വിലയിരുത്തൽ പട്ടികയിൽ കേരളത്തെ ബഹുദൂരം മുന്നിലെത്താൻ പ്രാപ്തമാക്കിയത്.**



ടി.എസ്. ചന്ദ്രൻ

# പുതുസംരംഭകർ
## നിക്ഷേപം നടത്തും മുമ്പ്
## ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ

പരാജയപ്പെടാനായി ആരും സംരംഭം തുടങ്ങുന്നില്ല. എന്നാൽ ചിലപ്പോഴൊക്കെ പരാജയത്തിന് കൈപ്പുനീർ കുടിക്കേണ്ടിവരുന്നു. ഇത് എങ്ങനെ ഒഴിവാക്കാം? സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ മേഖലയിൽ ധാരാളം അവസരങ്ങൾ ഉണ്ട്. സംസ്ഥാനത്തെ ലൈസൻസിംഗ് സമ്പ്രദായം കൂടുതൽ ഉദാരമായിട്ടുണ്ട്. സർക്കാർ സബ്സിഡിയോടു കൂടി വായ്പയും അനുബന്ധ സൗകര്യങ്ങളും ലഭ്യമാണ്. സംരംഭം തുടങ്ങുന്നതിന് കൈത്താങ്ങ് സഹായവും ലഭിക്കും. സാങ്കേതിക സഹായവും സാമ്പത്തിക സഹായവും ലഭിക്കും. എന്നിരുന്നാലും സംരംഭത്തിലേക്ക് കടക്കും മുമ്പ് പുതു സംരംഭകർ മനസ്സിലാക്കേണ്ട ഏതാനും കാര്യങ്ങളുണ്ട്. ഒരു സംരംഭം തെരഞ്ഞെടുക്കുക എന്നത് നന്നായി പഠിച്ച് വിലയിരുത്തി സ്വീകരിക്കേണ്ട ഒന്നാണ്.

സംരംഭം തെരഞ്ഞെടുക്കാനും വിജയം ഉറപ്പാക്കാനും പുതു സംരംഭകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചുവടെ.

### 1. വിൽക്കാവുന്നത് മാത്രം തിരഞ്ഞെടുക്കുക

സംരംഭം നിർമ്മാണമോ സേവനമോ വ്യാപാരമോ ഫാമുകളോ സ്റ്റാർട്ട് അപ്പോ ബ്രോക്കറേജോ എന്തുമാവട്ടെ വിപണിയെ മുൻകൂട്ടി കണ്ടു മാത്രമേ നിക്ഷേപം നടത്താവൂ. ഒരു തൊഴിൽ സംരംഭം സംബന്ധിച്ച് പല രീതിയിലുള്ള പരിചയം ഉണ്ടാകാം. ചില സംരംഭങ്ങളോട് മാനസികമായ താൽപര്യവും ഉണ്ടാകാം. എന്നാൽ സംരംഭം തിരഞ്ഞെടുക്കേണ്ടതിന്റെ അളവ് കോൽ ഇവ മാത്രമല്ല. പ്രസ്തുത ഉൽപ്പന്നങ്ങൾ വിപണിക്ക് ആവശ്യമുള്ളതാണോ എന്നാണ് നോക്കേണ്ടത്. ഉൽപ്പന്നം എത്ര ശ്രേഷ്ഠമായാലും വിപണിക്ക് സ്വീകാര്യമല്ലെങ്കിൽ അതിലേക്ക് കടക്കരുത്. സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് വലിയ തോതിൽ മാർക്കറ്റ് സർവ്വേകൾ നടത്താൻ കഴിയണമെന്നില്ല. ഉൽപ്പന്നം/സേവനം അത് വാങ്ങുന്ന വരും, വിതരണം ചെയ്യുന്നവരും, വിൽക്കുന്നവരും, ഉപയോഗിക്കുന്നവരും മറ്റുമായി പലവട്ടം ചർച്ചകൾ നടത്തിയാൽ ഉൽപ്പന്നത്തിന്റെ വിപണി സാധ്യതകളെക്കുറിച്ച് മനസ്സിലാക്കാനാവും. വിപണിയിലെ ആവശ്യകതയിൽ നിന്നാവണം സംരംഭം പിറക്കേണ്ടത്.

### 2. കുറഞ്ഞ നിക്ഷേപത്തിൽ തുടങ്ങുക

പുതുസംരംഭങ്ങളുടെ കാര്യത്തിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആയി തുടങ്ങുമ്പോൾ വലിയ വ്യവസായ ശാലകളെയും നിക്ഷേപത്തെയും കുറിച്ച് ചിന്തിക്കേണ്ടതില്ല. ചെറുതായി തുടങ്ങുക വലുതായി വളരുക എന്നതാകണം മുദ്രാവാക്യം. ഇതിന് നിരവധി ഗുണങ്ങൾ ഉണ്ട്.

- കുറഞ്ഞ നിക്ഷേപത്തിൽ തുടങ്ങുന്നതിനാൽ സംരംഭകന്റെ മാനസിക സമ്മർദ്ദം കുറവായിരിക്കും.
- ഉൽപാദനത്തിന് അനുസരിച്ച് വിപണി കണ്ടെത്തുക എളുപ്പമാണ്.
- ഏറെ സാങ്കേതികത നിർമ്മാണ വിതരണ പ്രക്രിയകളിൽ ഉണ്ടാവില്ല.
- ക്രെഡിറ്റ് വില്പന നിയന്ത്രിക്കാൻ കഴിയും.
- മെച്ചപ്പെട്ട ലാഭവിഹിതം ലഭിക്കും (മിക്കവാറും നേരിട്ടായിരിക്കും ലഘു സംരംഭങ്ങളിൽ വിൽപ്പന നടത്തുക എന്നതിനാൽ).
- പ്രകൃതി സൗഹൃദവും, കുടുംബ വ്യവസായവുമായി ലഘു സംരംഭങ്ങളെ രൂപപ്പെടുത്താൻ കഴിയും.
- കുടുംബ കൂട്ടായ്മകളിലൂടെ ഉത്പാദന ചെലവ് കുറയ്ക്കാൻ കഴിയും.
- കൊലാറ്ററൽ സെക്യൂരിറ്റി ഇല്ലാതെതന്നെ ചെറിയ വായ്പകൾ ബാങ്കുകൾ അനുവദിക്കും. (ആവശ്യമെങ്കിൽ)
- വിപണന സാധ്യതകൾക്ക് അനുസരിച്ച് ഉത്പാദനം വർദ്ധിപ്പിക്കാൻ കഴിയും. ഇതിനായി പുതിയ പ്ലാന്റുകൾ തുടങ്ങുക എളുപ്പമാകും.
- തുടക്കത്തിൽ സംരംഭകർ തന്നെ ആവും തൊഴിലാളികൾ എന്നിരുന്നാലും സ്ഥാപനം വളരുന്നത് അനുസരിച്ച് തൊഴിലാളികളെ നിയമിച്ച് മുന്നേറാനാണ് ശ്രമിക്കേണ്ടത്.
- അഞ്ച് എച്ച്.പി. പവറിൽ താഴെ ഉപയോഗിക്കുന്ന സംരംഭങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപന ലൈസൻസിൽ നിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

### 3. ലാഭം ആകണം ലക്ഷ്യം.

ചെറിയ മുതൽ മുടക്കോടെയാണ് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നത് എങ്കിലും ലക്ഷ്യം ലാഭം തന്നെ ആയിരിക്കണം. മറിച്ചുള്ള ചിന്തകൾക്ക് സംരംഭം മേഖലയിൽ പ്രസക്തിയില്ല. കാരണങ്ങൾ പലതാണ്.

- സംരംഭത്തിന്റെ നിലനിൽപ്പിനും വിജയത്തിനും ലാഭം കൂടിയേ തീരു.
- സ്ഥാപനത്തിൽ കൂടുതൽ നിക്ഷേപം നടത്തുന്നതിനും വികസിപ്പിക്കുന്നതിനും ലാഭം വേണം

- സംരംഭകന്റെ വേതനമാണ് ലാഭം. ഇതാണ് പുനർ നിക്ഷേപ മായി രൂപപ്പെടുന്നത്.
- ലാഭം ഉണ്ടാക്കുന്ന സംരംഭങ്ങളെ മാത്രമേ ധനകാര്യ സ്ഥാപന ങ്ങളും ഇതര സ്ഥാപനങ്ങളും അംഗീകരിക്കുകയുള്ളൂ.

### 4. വായ്പ അത്യാവശ്യത്തിനു മാത്രം

താൻ ഉദ്ദേശിക്കുന്ന രീതിയിൽ സംരംഭം ആരംഭിക്കുവാൻ കുറഞ്ഞത് എത്ര രൂപ വേണ്ടിവരും? സ്ഥിര നിക്ഷേപമായി എത്ര രൂപ യുടെ കുറഞ്ഞ മുതൽമുടക്ക് വേണ്ടിവരും? കെട്ടിടം മെഷിനറികൾ ഇലക്ട്രിക് സാമഗ്രികൾ, ഉപകരണങ്ങൾ, എന്നിവയ്ക്ക് മിനിമം എത്ര രൂപ വേണ്ടിവരും? മികച്ച ടെക്നോളജി കൊണ്ടു വരാൻ വേണ്ടിവരുന്ന നിക്ഷേപം എത്രയാണ്? പ്രവർത്തനം മൂലധനമായി എത്ര രൂപ ആവശ്യമുണ്ട് ? ഇങ്ങനെ ആകെ വേണ്ടിവരുന്ന നി ക്ഷേപം കണക്കാക്കണം. ഇതിൽ പരമാവധി തുക സംരംഭകന്റെ വിഹിതമായി കൊണ്ടുവരാൻ ശ്രമിക്കണം. ബാക്കി തുക മാത്രമേ ബാങ്ക് വായ്പയായി എടുക്കാവൂ. റിസർവ് ബാങ്കിന്റെ നിർദ്ദേശം അനുസരിച്ച് സ്ഥിര നിക്ഷേപത്തിന് (ഭൂമി ഒഴികെ) 80% വരെയും ആവർത്തന ചെലവുകൾക്ക് 60% വരെയും ബാങ്ക് വായ്പ ലഭിക്കുന്നതാണ്. (സ്കീമുകൾ അനുസരിച്ച് സംരംഭകന്റെ വിഹിതത്തിൽ വ്യത്യാസം വരും) തുടക്കത്തിലെ ബാങ്ക് ബാധ്യതകൾ കുറച്ചു കൊണ്ടുവരാനാണ് സംരംഭകർ ശ്രദ്ധിക്കേണ്ടത്. അതു പോലെ തന്നെ സർക്കാർ സബ്സിഡികൾ പ്രതീക്ഷിച്ച് അമിത വായ്പകൾ എടുക്കരുത്. സ്വയംതൊഴിൽ സംരംഭങ്ങളിൽ വായ്പ എടുക്കുന്ന സമയവും പ്രവർത്തനം ആരംഭിക്കുന്ന സമയവും തമ്മിലുള്ള ദൈർഘ്യം ആറുമാസത്തിൽ അധികരിക്കാതെ ശ്രദ്ധിക്കുകയും വേണം. വായ്പയ്ക്ക് സർക്കാർ സബ്സിഡി ഉറപ്പാക്കാൻ കഴിഞ്ഞാൽ പുതുസംരംഭകർക്ക് അത് വലിയ ആശ്വാസമായിരിക്കും. സബ്സിഡിയോട് കൂടിയ നിരവധി സർക്കാർ പദ്ധതികൾ ഇപ്പോൾ ലഭ്യമാണ്. സെക്യൂരിറ്റി നൽകാതേയും സംരംഭ വായ്പകൾ ലഭിക്കും.



### 5. നിയമങ്ങൾ അറിഞ്ഞ് നിക്ഷേപം നടത്തണം

സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ നിലവിലുള്ള നിയമങ്ങൾ നന്നായി മനസ്സിലാക്കി വേണം നിക്ഷേപം നടത്തുവാൻ. ഇങ്ങനെ ചെയ്താൽ പിന്നീട് ദുഃഖിക്കേണ്ടതായി വരില്ല. നെൽവയലുകൾ, പരിസ്ഥിതി ലോല പ്രദേശങ്ങൾ, തീര ദേശ പരിധിയിലെ സ്ഥലങ്ങൾ, ടൗൺ പ്ലാനിങ്ങ് വകുപ്പ് റിസർവ് ചെയ്തിട്ടുള്ള സ്ഥലങ്ങൾ മറ്റ് നിയന്ത്രണങ്ങൾ ഉള്ള സ്ഥലങ്ങൾ എന്നിവയിൽ സംരംഭങ്ങൾ പ്ലാൻ ചെയ്യരുത്. അതുപോലെതന്നെ കെട്ടിടത്തിന്റെ മുകളിലെ നിലയിൽ സംരംഭം പ്ലാൻ ചെയ്യുമ്പോൾ അതിന് അധികമായി വേണ്ടിവരുന്ന ചിലവ് കൂടി നാം പരി ഗണിക്കണം. പരമാവധി ഉൽപാദന സംരംഭങ്ങൾ കെട്ടിടത്തിന്റെ മുകളിൽ പ്ലാൻ ചെയ്യാതിരിക്കുന്നതാണ് നല്ലത്. ലിഫ്റ്റ് പോലുള്ള പ്രത്യേക സംവിധാനങ്ങൾ ആവശ്യമാണ്. അതിനു ഭാരിച്ച നി ക്ഷേപം വേണ്ടിവരും.ഗ്രൗണ്ട് ഫ്ലോർ തന്നെ തിരഞ്ഞെടുക്കുന്നത് ആയിരിക്കും നല്ലത്.

### 6. വൈവിധ്യ വൽക്കരണം കൊണ്ടുവരാൻ ശ്രമിക്കണം

എക്കാലത്തും ഒരുപോലെ ശോഭിക്കുന്ന സംരംഭങ്ങൾ ഉണ്ടാകണമെന്നില്ല. ഒരു സംരംഭം തുടങ്ങി കഴിഞ്ഞാൽ വിപ ണിയിലെ മാറ്റത്തിന് അനുസരിച്ച് പുതിയ ഉൽപ്പന്നങ്ങളെ കുറിച്ച് ചിന്തിക്കണം. സ്ഥാപനം വിപുലീകരിക്കുന്നതിനും, ആധുനിക വൽക്കരിക്കുന്നതിനും, വൈവിധ്യവൽക്കരിക്കുന്നതിനും, വലിയ പരിഗണന നൽകണം. ഉൽപാദന വിതരണ വിപണന രീതികൾ എല്ലാം തന്നെ കാലഘട്ടത്തിന്റെ അനുസരിച്ച് മാറ്റണം. ഇതിനു സംരംഭകർ സ്വയം തയ്യാറാകണം. ദേശീയ അന്തർദേശീയ പ്രദർശന പരിപാടികളിൽ പങ്കെടുക്കുന്നത് ഈ കാര്യത്തിൽ വലിയ ഗുണം ചെയ്യും. ഇതിനായി സർക്കാരിൻറെ ഗ്രാന്റ് ആനുകൂല്യം പോലും ലഭ്യമാണ്.

സർക്കാരിന്റെയും സർക്കാർ ഏജൻസികളുടെയും നിയ ന്ത്രണത്തിലുള്ള വ്യവസായ പാർക്കുകൾ, ഷെഡുകൾ എന്നിവയിൽ സംരംഭം തുടങ്ങാൻ കഴിഞ്ഞാൽ അതും വലിയ ഗുണകരമാകും. സംരംഭത്തിൽ നിരന്തരമായ ഇന്നോവേഷൻ കൊണ്ടുവരുമ്പോഴാണ് അത് വിജയിച്ച് മുന്നോട്ടുപോകുന്നതും മാതൃകയായി മാറുന്നതും.

**സംസ്ഥാന വ്യവസായ വകുപ്പ്**
**മുൻ ഡെപ്യൂട്ടി ഡയറക്ടർ**
**ആണ് ലേഖകൻ**

# ഭാരതത്തിൽ നിർമ്മിത ബുദ്ധിയുടെ പുതിയ ഹബ്ബ്: രാജ്യത്തെ ആദ്യ ഇന്റർനാഷണൽ ജനറേറ്റീവ് എ.ഐ. കോൺക്ലേവ് സംഘടിപ്പിച്ച് കേരളം



എസ്. ഹരി കിഷോർ ഐ.എ.എസ്.

ഭാരതത്തിൽ ഐടി രംഗത്തിനു മാർഗദർശിയായി നിന്ന സംസ്ഥാനമാണ് കേരളം. ഇരുപതാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽത്തന്നെ ഡിജിറ്റൽ സാങ്കേതിക രംഗത്തെ വാണിജ്യപരവും സാമ്പത്തികവുമായ വികസന സാധ്യതകൾ തിരിച്ചറിഞ്ഞ കേരളം വ്യക്തമായ ആശയങ്ങൾ രൂപീകരിച്ചു. ഇത് രാജ്യത്തെ മറ്റു സംസ്ഥാനങ്ങൾക്ക് ഐ.ടി. രംഗത്ത് മുന്നേറാൻ ആത്മവിശ്വാസം നൽകി. ഡിജിറ്റൽ പരിവർത്തനത്തിനായുള്ള സംസ്ഥാന സർക്കാരിന്റെ പ്രതിബദ്ധതയാണ് ഐ.ടി. മേഖലയിലെ മുന്നേറ്റത്തിന് തുടക്കമിടാൻ പ്രേരണയായത്. ഇപ്പോൾ നിർമ്മിത ബുദ്ധിയുടെ രംഗത്തും വഴികാട്ടിയാകാൻ കേരളം ഒരുങ്ങുകയാണ്.

രാജ്യത്തെ ആദ്യ ഇന്റർനാഷണൽ ജനറേറ്റീവ് എ ഐ കോൺക്ലേവ് ജൂലൈ 11, 12 തീയതികളിൽ കൊച്ചിയിൽ നടന്നു. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി) ഐ.ബി. എമ്മുമായി ചേർന്നാണ് ലുലു ഗ്രാൻഡ് ഹയാത്ത് ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ ദ്വിദിന കോൺക്ലേവ് സംഘടിപ്പിച്ചത്. ജെൻഎഐ ലോകത്തിന് മുന്നിൽ വലിയ വളർച്ച കൈവരിക്കുന്ന ഘട്ടത്തിൽ കേരളം ഈ മേഖലയിലേക്ക് കടന്നു വരുന്നത് വരും കാലങ്ങളിൽ സംസ്ഥാനത്തിന് ശക്തമായ മുന്നേറ്റം നടത്താനാകും എന്ന പ്രതീക്ഷയോടെയാണ്.

ജെൻഎഐ അതിവേഗം വികസിക്കുകയും ലോകത്താകെ വലിയ സാധ്യതകൾ തുറന്നിടുകയും ചെയ്യുന്ന അവസരത്തിൽ കേരളത്തിൽ നടന്ന കോൺക്ലേവിന് പ്രാധാന്യമേറുന്നു. സംസ്ഥാനത്തിന്റെ ജലസേചനം, കാർഷികോൽപാദനം എന്നിവ മെച്ചപ്പെടുത്തുന്നതിനും പരിസ്ഥിതി, വംശനാശ ഭീഷണി നേരിടുന്ന മൃഗങ്ങൾ എന്നിവയുടെ സംരക്ഷണത്തിനും ജെൻഎഐ ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയും. ആഗോള വാണിജ്യ രംഗത്ത് ജെൻഎഐ ഉപയോഗിച്ച് കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കാൻ സാധിക്കും. വിവിധ ബിസിനസ് പ്ലാറ്റുഫോമുകളിലും ഡാറ്റ അനലിറ്റിക്സ് രംഗത്തും എ ഐ സാങ്കേതിക വിദ്യകൾ ഇപ്പോൾ വ്യാപകമാണ്. കൂടാതെ വിവിധ വ്യവസായങ്ങളിലും ഡൊമെയ്നുകളിലും ലേഖനങ്ങൾ, ബ്ലോഗുകൾ,



ഉൽപന്ന വിവരണങ്ങൾ, സോഷ്യൽ മീഡിയ പോസ്റ്റുകൾ എന്നിങ്ങനെ വിവിധ ആവശ്യങ്ങൾക്കായി കണ്ടന്റുകൾ സൃഷ്ടിക്കാൻ ജെൻഎഐക്ക് കഴിയും. പെയിന്റിംഗുകൾ, ചിത്രീകരണങ്ങൾ, ഗ്രാഫിക്സ് എന്നിവയുൾപ്പെടെയുള്ള വിഷ്വൽ ആർട്ടുകളുടെ നിർമ്മാണത്തിൽ ഈ സാങ്കേതിക വിദ്യ ഉപയോഗിക്കാം. ആരോഗ്യം, ഹോസ്പിറ്റലിറ്റി തുടങ്ങിയ രംഗങ്ങളിലും ജെൻഎഐയുടെ സാധ്യതകൾ വളരെ വലുതാണ്.

അടിസ്ഥാന സൗകര്യ വികസനത്തിനായി ജെൻഎഐ ഉപകരണങ്ങളും അൽഗോരിതങ്ങളും ഉപയോഗിക്കുമ്പോൾ കൂടുതൽ കാര്യക്ഷമവും ലാഭകരവുമായ വികസനത്തിന് കാരണമാകും. പുതിയ സാങ്കേതിക വിദ്യകളും ഉൽപന്നങ്ങളും രൂപപ്പെടുത്താനും നൂതന മാർക്കറ്റിങ്ങ് തന്ത്രങ്ങൾ ആവിഷ്ക്കരിക്കാനും സാധിക്കും. തൊഴിലാളികൾക്ക് പരിശീലന പരിപാടികൾ നൽകിക്കൊണ്ട് അവരുടെ കഴിവുകൾ വർദ്ധിപ്പിക്കാനും സമഗ്രമായ ഗവേഷണ സൗകര്യങ്ങൾ ഒരുക്കാനും സാധിക്കും. കേരളത്തിലെ മുൻഗണനാ വ്യവസായ മേഖലകളിൽ ജെൻഎഐ സാങ്കേതികവിദ്യയുടെ മുഴുവൻ സാധ്യതകളും ഉപയോഗപ്പെടുത്താനാണ് വ്യവസായ വകുപ്പിന്റെ ശ്രമം. ഇത്തരം നടപടികളുടെ ആദ്യ ചുവടുവെപ്പു കൂടിയായാണ് കോൺക്ലേവ് സംഘടിപ്പിച്ചത്.

കോൺക്ലേവിന് മുന്നോടിയായി കെ.എസ്.ഐ.ഡി.സി. നടത്തിയ പഠനങ്ങളിൽ കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്കും കമ്പനികൾക്കും ജെൻഎഐ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുമ്പോൾ മികച്ച അവസരങ്ങൾ ലഭ്യമാകുമെന്ന് കണ്ടെത്തിയിരുന്നു. കേരളത്തിലെ സ്റ്റാർട്ടപ്പ് മേഖല ലോകത്തിലെ തന്നെ ഏറ്റവും മികച്ചതാണെന്ന് ഗ്ലോബൽ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം റാങ്കിംഗ് (ജി.എസ്.ഇ.ആർ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെയും ഏജൻസികളുടെയും പദ്ധതികളിലും നിർവഹണത്തിലും എ.ഐ. ഉപയോഗം വ്യാപകമാക്കാൻ സർക്കാർ തീരുമാനിച്ചു.

ജെൻഎഐയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ വിവിധ ഇൻസെന്റീവുകളും സബ്സിഡികളും നൽകും. 10 കോടി രൂപയിൽ കുറഞ്ഞ മൂലധനമുള്ള എ.ഐ. സംരഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. മുഖേന പങ്കാളിത്ത മൂലധന നിക്ഷേപമെന്ന നിലയിൽ 5 കോടി രൂപ നൽകും. വ്യവസായ നയത്തിന്റെ ഭാഗമായി ഒരു കോടി രൂപ സ്കെയിൽ അപ് ഗ്രാന്റും ലഭ്യമാക്കും. നിലവിലുള്ള ചെറുകിട സംരഭകർ എ.ഐ. സാങ്കേതികവിദ്യ സ്വീകരിച്ചാലും സമാന സാമ്പത്തിക സഹായം ലഭിക്കും. നടപ്പു സാമ്പത്തിക വർഷം തന്നെ സമഗ്ര എ.ഐ. നയം പ്രഖ്യാപിക്കാനും സർക്കാർ തീരുമാനിച്ചു.

ഐ.വി. സൊല്യൂഷൻസ്, ആമാസ് സോഫ്റ്റ് വെയർ സൊല്യൂഷൻസ്, അത്താച്ചി, ബില്യൺ ലൈവ്സ് ബിസിനസ് ഇനിഷ്യേറ്റീവ്സ്, ബിൽഡ് നെക്സ്റ്റ് കൺസ്ട്രക്ഷൻ സൊല്യൂഷൻസ്, കോഡിയോഫ് ഡ്യൂട്ടി ഇന്നോവേഷൻസ്, ഡോക്കർ വിഷൻ, ഗൗഡ് ബിസിനസ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ സൊല്യൂഷൻസ്, ഹയർഫ്ളെക്സ് ഗ്ലോബൽ, ഐ.ബി.എം., അയോനോട്ട് ടെക്നോളജീസ്, ലാർസ് എ.ഐ., മന്ദാര എ.ഐ., പാരാഡിം എ.ഐ. പിക്കി അസിസ്റ്റ്, ടോഡോ സെയിൽസ് ആപ്പ്, സ്കൈസ്മെൽ ടെക്നോളജീസ്, തേർഡ് ഡേ അക്കാദമി, ടൂട്ടിഫ്രൂട്ടി ഇൻററാക്ടീവ്, ഉറവ് അഡ്വാൻസ്ഡ് ലേണിംഗ് സിസ്റ്റംസ്, എക്സ്പ്ലോർ റൈഡ്സ്, സെഡിലാബ് സോഫ്റ്റ് വെയർ സിസ്റ്റംസ്, പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ എന്നീ കമ്പനികൾ ജെൻ എ.ഐ. കോൺക്ലേവിന്റെ ഭാഗമായി ഒരുക്കിയ സ്റ്റാർട്ടപ്പ് എക്സിബിഷനിൽ തങ്ങളുടെ ആപ്ലിക്കേഷനുകളും ഉപകരണങ്ങളും അവതരിപ്പിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ വിദഗ്ധരുൾപ്പെടെ രണ്ടായിരത്തോളം പ്രതിനിധികളാണ് ദ്വിദിന കോൺക്ലേവിൽ പങ്കെടുത്തത്.

വിദ്യാഭ്യാസ മേഖലയിൽ എ.ഐ. അധിഷ്ഠിത കോഴ്സുകൾ നടപ്പാക്കുന്നതിനും സംസ്ഥാന സർക്കാർ പദ്ധതിയിടുന്നു. നിലവിൽ 20–ഓളം കോളേജുകളിൽ എ.ഐ., റോബോട്ടിക്സ്, മെഷീൻ ലേണിംഗ് കോഴ്സുകൾ ലഭ്യമാണ്. കാർഷിക മേഖലയിൽ എ.ഐ. ഉപയോഗിക്കുന്നതിലും കേരളം മുന്നിലാണ്. കാലാവസ്ഥക്ക് അനുയോജ്യമായ വിളകൾ, കീടങ്ങളിൽ നിന്ന് സംരക്ഷണം തുടങ്ങിയവയിൽ എ.ഐ. സേവനങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നു. മികച്ച ബിസിനസ് അന്തരീക്ഷം, കരുത്താർന്ന ഐ.ടി. ഇൻഫ്രാസ്ട്രക്ചർ, ടെക്നോളജി ഇൻകുബേറ്ററുകൾ എന്നിവയ്ക്കും സർക്കാർ കൂടുതൽ ശ്രദ്ധ നൽകുന്നു.

നിർമ്മിത ബുദ്ധി രംഗത്ത് കേരളം പുതിയ സാങ്കേതിക വിപ്ലവത്തിനായുള്ള സാധ്യതകൾ തുറക്കുകയാണ്. ജെൻ എ.ഐ. കോൺക്ലേവിലൂടെ പുതിയ പ്രതീക്ഷകളും ലക്ഷ്യങ്ങളും നേടാൻ സംസ്ഥാനത്തിന് സാധിച്ചു. ഈ രംഗത്ത് വർധിച്ചുവരുന്ന വളർച്ചയും, മത്സരവും സമ്പദ് വ്യവസ്ഥയിലും സാമൂഹിക തലങ്ങളിലും വലിയ മാറ്റങ്ങൾ വരുത്തും. സംസ്ഥാന സർക്കാർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായങ്ങൾ, ഒപ്പം പുതുതായി ഉയർന്നുവരുന്ന സ്റ്റാർട്ടപ്പുകൾ എന്നിവയുടെ കൂട്ടായ പരിശ്രമം കേരളത്തെ ഒരു ആഗോള എ.ഐ. ഹബ്ബായി മാറ്റുമെന്നതിൽ സംശയമില്ല. ■

**വ്യവസായ വാണിജ്യ വകുപ്പ്**
**ഡയറക്ടർ ആന്റ് കെ.എസ്.ഐ.ഡി.സി.**
**എം.ഡി. ആണ് ലേഖകൻ**

LSGD-RC3/388/2024-LSGD                                                                                                  സ.ഉ.(സാധാ) നം.1167/2024/LSGD

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ വ്യാപാര - വ്യവസായ - വാണിജ്യ ലൈസൻസുകൾ, പിഴ കൂടാതെ പുതുക്കുന്നതിനുള്ള കാലാവധി 30.09.2024 വരെ ദീർഘിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1167/2024/LSGD    തീയതി,തിരുവനന്തപുരം, 29-06-2024

---

പരാമർശം:-    1. സ.ഉ (സാധാ) നം. 616/2024/LSGD തീയതി: 15-03-2024.

**ഉത്തരവ്**

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയതും 2024 മാർച്ച് 31 വരെ കാലാവധി ഉള്ളതുമായ എല്ലാ വ്യാപാര-വ്യവസായ-വാണിജ്യ സ്ഥാപനങ്ങളുടെയും ലൈസൻസ്, പിഴ കൂടാതെ പുതുക്കുന്നതിനുള്ള കാലാവധി 30.06.2024 വരെ ദീർഘിപ്പിച്ച പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. അതിനു തുടർച്ചയായി പ്രസ്തുത കാലാവധി 30/09/2024 വരെ ദീർഘിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, തദ്ദേശ സ്വയംഭരണ (അർബൻ/റൂറൽ) വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I// ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി, വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
കരുതൽ ഫയൽ, ഓഫീസ് കോപ്പി (ആർ.സി3/388/2024-തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി[28.06.2024 ലെ 630/2024/M(LSGD&Ex) പ്രകാരം]



GOVERNMENT ORDERS

# ജില്ലാ വാർത്തകൾ




കെ.എസ്.എസ്.ഐ.എ. കൊല്ലം ജില്ലയും ജില്ലാ വ്യവസായ കേന്ദ്രവും സംയുക്തമായി സംഘടിപ്പിച്ച എം.എസ്.എം.ഇ. ദിനാചരണ യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ മുഖ്യപ്രഭാഷണം നടത്തുന്നു.




കെ.എസ്.എസ്.ഐ.എ.കൊല്ലം ജില്ലയും ജില്ലാ വ്യവസായ കേന്ദ്രവും സംയുക്തമായി സംഘടിപ്പിച്ച എം.എസ്.എം.ഇ. ദിനാചരണ യോഗം ഉദ്ഘാടനം ചെയ്തു കൊണ്ട് കൊല്ലം ജില്ല കളക്ടർ എൻ. ദേവീദാസ് സംസാരിക്കുന്നു.




യുവസംരംഭകരുടെ നൂതന രീതിയിലുള്ള മൊബൈൽ റീചാർജിങ്ങ് കേബിളിന്റെ ഉദ്ഘാടനം ജില്ലാ കളക്ടർ എൻ. ദേവീദാസ് സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീന് നൽകി ഉദ്ഘാടനം ചെയ്യുന്നു.




കെ.എസ്.എസ്.ഐ.എ. സംസ്ഥാന കമ്മിറ്റി ഹാളിൽ വച്ച് എറണാകുളം ജില്ല സംഘടിപ്പിച്ച എം.എസ്.എം.ഇ. ദിനാചരണ യോഗത്തിൽ ജനറൽ സെക്രട്ടറി പി.ജെ.ജോസ് മുഖ്യ പ്രഭാഷണം നടത്തുന്നു.




Albertian Institute of Management സംഘടിപ്പിച്ച അവാർഡ് ദാന ചടങ്ങിൽ ജനറൽ സെക്രട്ടറി പി.ജെ. ജോസ് മുഖ്യാതിഥിയായി പങ്കെടുക്കുകയും അവാർഡുകൾ വിതരണം ചെയ്യുകയും ചെയ്തു.




കണ്ണൂർ ശ്രീചന്ദ് സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ സംഘടിപ്പിച്ച കെ.എസ്.എസ്.ഐ.എ. അംഗങ്ങൾക്കുള്ള പ്രിവിലെജ് കാർഡ് വിതരണത്തിനോട നുബന്ധിച്ചുള്ള യോഗത്തിൽ സംസ്ഥാന ട്രഷറർ ജോസഫ് പൈകട ആശംസാപ്രസംഗം നടത്തുന്നു.

LSGD-RC2/13/2024-LSGD | സ.ഉ.(സാധാ) നം.1149/2024/LSGD

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1149/2024/LSGD തീയതി,തിരുവനന്തപുരം, 27-06-2024

---

പരാമർശം:- 25.06.2022-ലെ സ. ഉ (കൈ) നം. 110/2022/ധന ഉത്തരവ്.

**ഉത്തരവ്**

ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ രണ്ടാമത് റിപ്പോർട്ടിൽ ഗ്രാമ പഞ്ചായത്തുകളിലെയും നഗരസഭകളിലെയും തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിക്കുന്നതിനായി സർക്കാരിൽ ശിപാർശ സമർപ്പിച്ചിരുന്നു. സർക്കാർ ഈ ശിപാർശ അംഗീകരിച്ച് പരാമർശം (1)-ലെ പൊതു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ 2.118 നമ്പർ ശിപാർശയിലെ നിരക്കിൽ ഗ്രാമ പഞ്ചായത്തുകളിലെയും നഗരസഭകളിലെയും തൊഴിൽ നികുതി സ്ലാബുകൾ ചുവടെ ചേർത്തിട്ടുള്ള പ്രകാരം പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl No | Range of Half Yearly Income | Current Rate (in Rupees) | New Rate (In Rupees) |
|---|---|---|---|
| 1 | Up to Rs.11,999 | Nil | Nil |
| 2 | Rs.12,000 to Rs.17,999 | 120 | 320 |
| 3 | Rs.18,000 to Rs. 29,999 | 180 | 450 |
| 4 | Rs.30,000 to Rs. 44,999 | 300 | 600 |
| 5 | Rs.45,000 to Rs. 99,999 | 450/600/750 | 750 |
| 6 | Rs. 1,00,000 to Rs. 1,24,999 | 1000 | 1000 |
| 7 | Rs.1,25,000 onwards | 1250 | 1250 |

3. പരിഷ്കരിച്ച തൊഴിൽ നികുതി നിരക്കുകൾക്ക് 2024 രണ്ടാം അർദ്ധ വർഷം ആരംഭിക്കുന്ന ഒക്ടോബർ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടം, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടം എന്നിവയിൽ പുതുക്കിയ

(ഗവൺമെന്റ് ഓർഡറിന്റെ തുടർച്ച് പേജ് 22-ൽ വായിക്കുക.)

# ജില്ലാ വാർത്തകൾ



2024 Dec. 13 14 15
KINFRA INTERNATIONAL EXHIBITION CUM CONVENTION CENTRE
INDIA INTERNATIONAL INDUSTRIAL EXPO

Abel Aballe Despaigne, Charge d' Affaires, a.i, Cuba ക്ക് ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രീയൽ എക്സ്പോ 2024ന്റെ ബ്രോഷർ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീന്റെയും വ്യവസായ ഡയറക്ടർ എസ്. ഹരി കിഷോറിന്റെയും സാന്നിദ്ധ്യത്തിൽ എക്സിബിഷൻ ചെയർമാൻ കെ.പി. രാമചന്ദ്രൻ നായർ കൈമാറുന്നു.

## നമ്മുടെ വ്യവസായം

കെ.എസ്.എസ്.ഐ.എ. അംഗങ്ങളായ വ്യവസായികളെയും അവരുടെ വ്യവസായത്തേയും പരിചയപ്പെടുത്തുന്ന തുടർ പംക്തി ആരംഭിച്ചു. താല്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

എസ്. സലിം (ചീഫ് എഡിറ്റർ)

## കെ.എസ്.ഐ.ഡി.സി., കിൻഫ്രാ എന്നിവയ്ക്ക് പ്രത്യേക ലാന്റ് അലോട്ട്മെന്റ് നയം പ്രഖ്യാപിക്കും

സംസ്ഥാന സർക്കാർ വ്യവസായ ഏജൻസികളായ കെ.എസ്.ഐ.ഡി.സി., കിൻഫ്രാ, എന്നിവയ്ക്ക് പ്രത്യേക ലാന്റ് അലോട്ട്മെന്റ് നയം പ്രഖ്യാപിക്കുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് വ്യക്തമാക്കി. 50 കോടി രൂപ വരെ മുതൽ മുടക്കുന്ന സംരംഭകർ ആദ്യം 20 ശതമാനവും ബാക്കി തവണകളായി അടക്കാൻ അവസരം ഒരുക്കും. വ്യവസായ വകുപ്പ് മന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചതാണ് ഈ വിവരം. ₹50 കോടിക്കും, ₹100 കോടിക്കും ഇടയിൽ നിക്ഷേപിക്കുന്നവർക്ക് രണ്ട് വർഷത്തെ മൊറോട്ടോറിയം ഉണ്ടാകും. 100 കോടി രൂപയ്ക്ക് മുകളിലാണ് നിക്ഷേപമെങ്കിൽ ആദ്യം പത്ത് ശതമാനം അടക്കണം. സംരംഭം നഷ്ടത്തിലായവർക്ക് എക്സിറ്റ് പോളിസിയും നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

## കണ്ണൂർ ജില്ല സി.ഇ.ഒ. റിട്രീറ്റ്



KSSIA കണ്ണൂർ ജില്ലാ 2024 ജൂൺ 25, 26 തിയതികളിൽ വയനാട്ടിൽ വെച്ച് CEO RETREAT സംഘടിപ്പിച്ചു. ഇതിനോടനുബന്ധിച്ച് ഒരു മോട്ടിവേഷൻ ട്രെയിനിങ്ങും സംഘടിപ്പിച്ചിരുന്നു. പ്രോഗ്രാമിൽ പങ്കെടുത്ത സംസഥാന ട്രഷറർ ജോസഫ് പൈകട, ജില്ലാ ഭാരവാഹികളും അംഗങ്ങളും.

(പേജ് 20-ലെ ഗവൺമെന്റ് ഓർഡർ തുടർന്ന് വായിക്കുക.)

LSGD-RC2/13/2024-LSGD | സ.ഉ.(സാധാ) നം.1149/2024/LSGD

നിരക്ക് ഉൾക്കൊള്ളിച്ചുകൊണ്ട് ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5. എല്ലാ വകുപ്പ മേധാവികൾക്കും
6. എല്ലാ ജില്ലാ മേധാവികൾക്കും
7. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
8. ലേബർ കമ്മീഷണർ, തിരുവനന്തപുരം.
9. ചീഫ് പ്രോജക്ട് മാനേജർ, SPARK, തിരുവനന്തപുരം.
10. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I/ഓഡിറ്റ്II), കേരള, തിരുവനന്തപുരം.
11. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
12. തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
13. തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്
14. ധനകാര്യ (എസ്. എഫ്.സി സെൽ-എ) വകുപ്പ്
15. തൊഴിൽ വകുപ്പ്
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
17. ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ) (പ്രസിദ്ധീകരണത്തിനു വേണ്ടി)
18. കരുതൽ ഫയൽ/ഓഫീസ് കോപ്പി (തസ്വഭവ-ആർ സി 2/13/2024-തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ





# EXPRESS LOAN FOR MACHINERY

### Objective

- Expeditious sanction of term loan through automated platform for purchase of machines/equipment.

### Eligible Expenditure

- Acquisition of Plant and Machinery & equipments.

### Eligibility

- MSME units in operation for at least 3 years.
- Mandatory Udyam & GST Registration.
- Filed Income tax returns for last 3 years.

### Key Features

- Automated loan processing.
- Seamless loan application journey.
- Immediate In-Principle offer.
- Term loan upto ₹ 1 crore.
- Up to 100% financing with FD as collateral.
- Low processing fees
- Quick sanction and disbursement

### Interest Rate & Repayment

- MCLR linked attractive interest rate.
- Repayment upto 5 years.

To know more visit : www.sidbi.in
Apply for loan here : https://onlineloanappl.sidbi.in/OnlineApplication/
Feedback/Contact us at :- kochi@sidbi.in
Follow us: @SIDBIOfficial

25th July 2024, Kalamassery
Regn. No. KERBIL/2005/23143

KSSiA NEWS

Journal of The Kerala State Small Industries Association
Registered: Postal Regn. No. KL/EKM/767/2023-25
Licensed to Post without Pre-payment KL/CR/EKM/WPP-3/2023-25

Price ₹ 5.00




Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94963 60300, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.